# കേരള സർവകലാശാല

നം. പി.ആർ.079/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സിൻഡിക്കേറ്റ് യോഗം തടസ്സപ്പെട്ടു

മുൻ നിശ്ചയിച്ച പ്രകാരം ക്രത്യം 10 മണിക്ക് തന്നെ സിൻഡിക്കേറ്റ് യോഗം ആരംഭിച്ചു. മാർച്ച് 23-ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുറ്റ്സ് സ്ഥിരീകരണത്തിനായി എടുത്തപ്പോൾ അംഗങ്ങൾ അജണ്ടയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഷയങ്ങൾ ഉന്നയിക്കുകയും കഴിഞ്ഞ യോഗത്തിൽ പരിഗണനയ്ക്ക് വരാതിരുന്ന വിഷയങ്ങൾ അംഗീകരിച്ചതായി മിനുറ്റ്സിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു. എന്നാൽ ഇത്തരം ആവശ്യങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലയെന്നും അജണ്ടയിലെ വിഷയങ്ങൾ പരിഗണിക്കാൻ അംഗങ്ങൾ സഹകരിക്കണമെന്നും അദ്ധ്യക്ഷൻ ആവശ്യപ്പെട്ടു. അംഗങ്ങൾ അവരുടെ നിലപാടിൽ ഉറച്ചുനിന്നതിനാൽ യോഗത്തിൽ സമാധാന അന്തരീക്ഷം വന്നതിനുശേഷം തിരിച്ചെത്താമെന്നറിയിച്ച് 10.30-തോടെ അദ്ധ്യക്ഷൻ സഭയിൽ നിന്നും വിട്ടുനിന്നു. അദ്ധ്യക്ഷന്റെ അഭ്യർത്ഥന ചെവിക്കൊള്ളാതെ, അംഗങ്ങൾ 12.45-ഓടുകൂടി സഭ വിട്ടുപോയി. ഈ സാഹചര്യത്തിൽ സിൻഡിക്കേറ്റ് യോഗം നീട്ടിവെയ്ക്കാൻ നിർബന്ധിതനായ അദ്ധ്യക്ഷൻ അജണ്ടയിലെ വിഷയങ്ങൾ അടുത്ത യോഗത്തിൽ പരിഗണിക്കാനും തീരുമാനിച്ചു.

### ബി.എസ്സി നഴ്സിംഗ് പരീക്ഷാകേന്ദ്രം

കേരള സർവകലാശാല ജൂണിൽ നടത്തുന്ന മൂന്നാം വർഷ ബി.എസ്സി നഴ്സിംഗ് പരീക്ഷയ്ക്ക് വർക്കല ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ കോളേജ്, നെയ്യാറ്റിൻകര നിംസ് കോളേജ് ഓഫ് നഴ്സിംഗ്, നെടുമങ്ങാട് നൈറ്റിംഗേൽ കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം അനന്തപുരി കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം ഗവ. കോളേജ് ഓഫ് നഴ്സിംഗ്, കരകുളം കോ-ഓപ്പറേറ്റീവ് കോളേജ്, കോരാണി കിംസ് കോളേജ് ഓഫ് നഴ്സിംഗ്, വെഞ്ഞാറമ്മൂട് ഗോകുലം കോളേജ് ഓഫ് നഴ്സിംഗ്, കാരക്കോണം സി.എസ്.ഐ. കോളേജ് ഓഫ് നഴ്സിംഗ്, പാറശ്ശാല സരസ്വതി കോളേജ് ഓഫ് നഴ്സിംഗ് എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം ഗവ. നഴ്സിംഗ് കോളേജിലും അഞ്ചൽ സെന്റ് ജോസഫ്സ് കോളേജ് ഓഫ് നഴ്സിംഗ്, കൊട്ടാരക്കര വിജയ കോളേജ് ഓഫ് നഴ്സിംഗ്, കൊട്ടാരക്കര മെഴ്സി കോളേജ് ഓഫ് നഴ്സിംഗ്, പന്തളം ജോസ്കോ കോളേജ് ഓഫ് നഴ്സിംഗ്, പന്തളം അർച്ചന കോളേജ് ഓഫ് നഴ്സിംഗ്, ചേർത്തല കെ.വി.എം കോളേജ് ഓഫ് നഴ്സിംഗ്, ആലപ്പുഴ ഗവ. കോളേജ് ഓഫ് നഴ്സിംഗ്, കറ്റാനം സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിംഗ്, കൊല്ലം ഹോളി ക്രോസ് കോളേജ് ഓഫ് നഴ്സിംഗ്, കൊല്ലം വി.എൻ.എസ്.എസ് കോളേജ്, കൊല്ലം ഉപാസന കോളേജ് ഓഫ് നഴ്സിംഗ്, കൊല്ലം അസീസിയ കോളേജ് ഓഫ് നഴ്സിംഗ്, കൊല്ലം ബിഷപ്പ് ബെൻസിഗർ കോളേജ് എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി കൊല്ലം വി.എൻ.എസ്.എസ് കോളേജ് ഓഫ് നഴ്സിംഗിലും പരീക്ഷയെഴുതണം.

## ബി.എസ്‌സി പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.എസ്‌സി (സി.ബി.സി.എസ്) പ്രാക്ടിക്കൽ പരീക്ഷ മേയ് 23-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്‌സി പ്രീ-പ്രാക്ടിക്കൽ ബോർഡ് യോഗം

കേരള സർവകലാശാല മേയിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എസ്‌സി പ്രാക്ടിക്കൽ പരീക്ഷയുടെ പ്രീ-പ്രാക്ടിക്കൽ ബോർഡ് യോഗം മേയ് 20 രാവിലെ 11 മണിക്ക് സെനറ്റ് ഹാളിൽ നടത്തും. ബന്ധപ്പെട്ട എല്ലാ അദ്ധ്യാപകരും യോഗത്തിൽ പങ്കെടുക്കണം.

## ബി.എ.എം.എസ് പരീക്ഷാഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ ബി.എ.എം.എസ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 10 വരെ അപേക്ഷിക്കാം.

## ബി.വോക് ഫലം

കേരള സർവകലാശാല 2015 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ, 2015 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

2015 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ, 2015 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി. ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (2016–2017, പാർട്ട് ടൈം – ഈവനിംഗ്) കോഴ്സ് ആഗസ്റ്റ് ഒന്നിന് തുടങ്ങും. യോഗ്യത: ഏതെങ്കിലും അംഗീകൃത ബിരുദം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ. 0471–2386325.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2015 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പഞ്ചവത്സര പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂൺ മൂന്ന് വരെ അപേക്ഷിക്കാം.

## എം.പ്ലാനിംഗ്/എം.ആർക്/എം.ടെക് ഫലം

കേരള സർവകലാശാല 2015 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.പ്ലാനിംഗ്, എം.ആർക്, എം.ടെക് - ബയോടെക്നോളജി ആൻഡ് ബയോകെമിക്കൽ എൻജിനീയറിംഗ് & ഇൻഫർമേഷൻ ടെക്നോളജി (റഗുലർ & സപ്ലിമെന്ററി - 2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം: പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയ് 23-ന് തുടങ്ങുന്ന അവസാന വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ത്രീമെയിൻ) പരീക്ഷയ്ക്ക് അപേക്ഷിച്ചവരിൽ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട സപ്ലിമെന്ററി വിദ്യാർത്ഥികൾ എം.സി വർഗ്ഗീസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. കൊല്ലം ഫാത്തിമ മെമ്മോറിയൽ ട്രയിനിംഗ് കോളേജ്, കണ്ണൂർ മട്ടന്നൂർ കോൺകോർഡ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തൃശ്ശൂർ താരമല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നീ പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

മേയ് 25-ന് തുടങ്ങുന്ന ഒന്നാം വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയുടെ ഹാൾടിക്കറ്റ് www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഒന്നാം വർഷം ഗവ സംസ്കൃത കോളേജ് ആവശ്യപ്പെട്ടവരിൽ രജി.നം 3031502201 മുതൽ 3031502300 വരെയുള്ളവർ ചെമ്പഴന്തി എസ്.എൻ കോളേജിലും കൊല്ലം എഫ്.എം.എൻ കോളേജ് രജി.നം 3031531001 മുതൽ 3031531200 വരെയുള്ളവർ ചാത്തന്നൂർ എസ്.എൻ കോളേജിലും കൊല്ലം എസ്.എൻ കോളേജ് ആവശ്യപ്പെട്ട പെൺകുട്ടികൾ എസ്.എൻ കോളേജ് ഫോർ വിമനിലും അടൂർ സെന്റ് സിറിൾസ് കോളേജിൽ നിന്നും രജി.നം 3031554001 മുതൽ 3031554150 വരെയുള്ളവർ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലും പരീക്ഷയെഴുതണം. മറ്റ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല.

(എല്ലാ എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
18.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ